***'CORRUPTION, A CRIME AGAINST NATION'***


വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393


തീയതി:09.02.2022

# "കൈക്കൂലി വാങ്ങുന്നതിനിടെ റവന്യൂ ഇൻസ്പെക്ടർ വിജിലൻസ് പിടിയിൽ"

ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ റവന്യൂ ഇൻസ്പെക്ടറായ ജയരാജ്.കെ.കെ 2000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെ വിജിലൻസ് അറസ്റ്റ് ചെയ്തു.

ആലപ്പുഴ മുഹമ്മ സ്വദേശിയായ വിനോദിന്റെ ഭാര്യയുടെ പേരിലുള്ള വസ്തുവിലെ വീടിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് വേണ്ടി ഇക്കഴിഞ്ഞ മാസം ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.സ്ഥലപരിശോധനാ നടത്താൻ റവന്യൂ ഇൻസ്പെക്ടർ തയാറാകാത്തതിനെ തുടർന്ന് വിനോദ് ആ സമയം 500 രൂപ കൈക്കൂലി കൊടുത്തപ്പോൾ സ്ഥല പരിശോധന നടത്തിയ റവന്യൂ ഇൻസ്പെക്ടർ സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ 10000/- രൂപ കൂടി കൈക്കൂലി ആവശ്യപ്പെട്ടു. .അത്രയും തുക നൽകാൻ ബുദ്ധിമുട്ടാണെന്നും ആയതിനാൽ കുറച്ച് തരണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ വിലപേശിയപ്പോൾ 2000/- രൂപായെങ്കിലും തരണമെന്ന് ജയരാജ് നിർബന്ധം പിടിച്ചു.പരാതിക്കാരനായ ശ്രീ.വിനോദ് ഈ വിവരം ആലപ്പുഴ വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ.വി.ശ്യാം കുമാറിനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (**09.02.2022**) വൈകുന്നേരം 4 മണിയോടെ ആലപ്പുഴ മുനിസിപ്പാലിറ്റി ഓഫീസിന് സമീപം വച്ച് 2000/-രൂപ വിനോദിന്റെ കൈയിൽ നിന്നും കൈക്കൂലി വാങ്ങവെ വിജിലൻസ് സംഘം ജയരാജിനെ കൈയോടെ പിടികൂടുകയാണുണ്ടായത്.അറസ്റ്റ് ചെയ്ത പ്രതിയെ തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പിയെ കൂടാതെഇൻസ്പെക്ടർമാരായ പ്രശാന്ത്,അശ്വനി,സുനിൽകുമാർ,റെജി കുന്നിപ്പറമ്പൻ സബ്-ഇൻസ്പെക്ടർമാരായ മനോജ് കുമാർ എ.എസ്.ഐമാരായ ബിജുമോൻ, ജയലാൽ സി.പി.ഒ മാരായ ജോസഫ്,കിഷോർകുമാർ,ഷിജു,ശ്യാംകുമാർ,നീതുമോഹൻ,ബിജു,സമീഷ്,കൃഷ്ണകുമാർ തുടങ്ങിയവരും ഉണ്ടായിരുന്നു.